# കേരള സർവകലാശാല

നം.പി.ആർ.189/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 സെപ്റ്റംബർ 18 മുതൽ ആരംഭിക്കുന്ന മൂന്നാം നാലും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ ബി.സി.എ ഡിഗ്രി പരീക്ഷയുടെ (2017 അഡ്മിഷൻ) വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2019 സെപ്റ്റംബർ 20ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എൽ. എൽ . എം പരീക്ഷയുടെ പുനക്രമീകരിച്ച ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (2013 സ്കീം & 2004 സ്കീം - മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് സെപ്റ്റംബർ 18 വരെ കൂടാതെയും 150 രൂപ പിഴയോടുകൂടി സെപ്റ്റംബർ 23 വരെയും 400 രൂപ പിഴയോടുകൂടി സെപ്റ്റംബർ 26 വരെയും ഫീസ് അടച്ച് ഓൺലൈൻ/ഓഫ്ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

### പരീക്ഷാഫലം

2019 ജൂൺ മാസം നടത്തിയ എം.എസ്.സി ബയോടെക്നോളജി,എം.എ സംസ്കൃതം ജനറൽ ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (2017-19 ബാച്ച് - സി.എസ്. എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി, എം.എസ്.സി ജ്യോഗ്രഫി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി സെപ്റ്റംബർ 17. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

### സീറ്റ് ഒഴിവ്

നിയമ പഠനവകുപ്പിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് 2019-20 പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ രേഖകളുമായി 2019 സെപ്റ്റംബർ 16 ന് മുമ്പായി ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2308936 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## ഇന്റർവ്യൂ

കേരള യൂണിവേഴ്സിറ്റിയിലെയും യൂണിവേഴ്സിറ്റി കോളേജിലെയും പഠന വകുപ്പുകളിലേക്കും ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കും എം.ഫിൽ പ്രവേശനപരീക്ഷ എഴുതിയിട്ടുള്ള വിദ്യാർത്ഥികൾ സെപ്റ്റംബർ 16 മുതൽ 25 വരെ അതത് ഡിപ്പാർട്ട്മെന്റുകളിൽ വച്ച് നടത്തുന്ന ഇൻററവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. വിശദമായ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (admissions.keralauniversity.ac.in).

## യു. ജി /പി. ജി സെന്റ് മൈക്കിൾസ് കോളേജ് ചേർത്തലയിലെ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം. 2019

സെന്റ് മൈക്കിൾസ് കോളേജ് ചേർത്തലയിലെ (യു.ജി /പി.ജി) കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം സെപ്റ്റംബർ 04ന് കോളേജിൽ നടക്കുന്നതാണ്. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർഥികളിൽനിന്ന് അന്നേ ദിവസം രാവിലെ 11 മണിക്ക് മുമ്പ് കോളേജിൽ ഹാജരാകുന്നവരെ റാങ്ക് ക്രമമനുസരിച്ച് പ്രവേശനം നടത്തും. ന്യൂനപക്ഷ പദവിയുള്ള കോളേജ് ആയതുകൊണ്ട് നിലവിൽ ഒഴിവുള്ള എസ്. സി /എസ് .ടി സീറ്റുകൾ കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ്.കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് പട്ടികയിൽ ഉൾപ്പെട്ട താല്പര്യമുള്ള എല്ലാ വിദ്യാർഥികളും സെപ്റ്റംബർ 04ന് രാവിലെ 11 മണിക്ക് മുമ്പായി കോളേജിൽ ഹാജരാകണം. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാകുന്ന വരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. വിവിധ വിഷയങ്ങളിലെ ഒഴിവുകളുടെ എണ്ണം കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. ഈ പ്രവേശനവുമായി ബന്ധപ്പെട്ട് സർവകലാശാലയിലേക്ക് അപേക്ഷകൾ ഒന്നും തന്നെ അയക്കേണ്ടതില്ല.

തിരുവനന്തപുരം.

02.09.2019

പബ്ലിക് റിലേഷൻസ് ഓഫീസർ